<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 322</u>** **<u>27-10-2021 - ൽ മറുപടിയ്ക്ക്</u>**

# <u>കോവിഡ് ബാധിച്ചവർക്ക് രണ്ടാം ഡോസ് വാക്സിൻ പുനഃക്രമീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് എത്ര ഗർഭിണികൾ മരിച്ചിട്ടുണ്ട് എന്നും എത്ര രോഗികൾ ആത്മഹത്യ ചെയ്തു എന്നതും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്ത വിവരം അനുസരിച്ച് 41 ഗർഭിണികൾ കോവിഡ്-19 രോഗം ബാധിച്ച് മരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കോവിഡ് ബാധിച്ചവരിൽ 149 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| (ബി) | കോവിഡ് വന്ന വ്യക്തി ഒരു ഡോസ് കോവിഷീൽഡ് വാക്സിൻ സ്വീകരിച്ചാൽ രണ്ട് ഡോസ് സ്വീകരിച്ച വ്യക്തിയേക്കാൾ പ്രതിരോധ ശേഷിയുണ്ടാകും എന്ന പഠനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഡോസ് വാക്സിൻ വിതരണം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുണ്ടോ? | (ബി) | കോവിഡ് -19 രോഗം ബാധിച്ചിട്ടുള്ള ഒരാളിൽ കോവിഷീൽഡ് വാക്സിൻ ഒരു ഡോസ് എടുത്താലും രണ്ട് ഡോസ് എടുത്താലും, രോഗപ്രതിരോധ ശക്തി വളരെ ഉയർന്ന നിരക്കിൽ കൈവരിക്കുന്നതായാണ് കണ്ടു വരുന്നത്. കോവിഡ് വന്ന വ്യക്തി ഒരു ഡോസ് വാക്സിൻ സ്വീകരിക്കുന്നത് രണ്ട് ഡോസ് വാക്സിൻ സ്വീകരിക്കുന്നതിനെക്കാൾ കൂടുതലായുള്ള രോഗപ്രതിരോധശേഷി നൽകുന്നു എന്ന് പ്രതിപാദിക്കുന്ന കൃത്യമായ പഠനങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു തന്നെ കോവിഡ് -19രോഗം ബാധിച്ച ആളുകളിൽ രോഗം കണ്ടെത്തി മൂന്നുമാസം കഴിഞ്ഞതിനുശേഷം മാത്രമാണ് വാക്സിൻ എടുക്കാൻ സാധിക്കുന്നത്. അതുകൊണ്ടു തന്നെ സ്വാഭാവികമായും രോഗം ബാധിക്കാത്തവർക്കായിരിക്കും രണ്ടാം ഡോസ് കിട്ടുന്നതിന് മുൻഗണന ലഭിക്കുക. അതുകൊണ്ടു തന്നെ നിലവിൽ വാക്സിനേഷൻ തന്ത്രങ്ങളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമല്ല. കൂടാതെ വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങളിലെ ഭേദഗതികൾ കേന്ദ്ര സർക്കാർ തീരുമാന പ്രകാരമാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ